**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.60847/EA2 SO/2020/EA 2 തീയതി: 03.11.2020

## <u>വിജ്ഞാപനം</u>

**വിഷയം**: കോവിഡ് - 19 സാഹചര്യത്തിൽ സർവകലാശാലാ പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ച് കോളേജുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ പരീക്ഷകൾ കോവിഡ് 19 മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് സുഗമമായി നടത്തുന്നതിലേക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. കോളേജുകളിൽ പരീക്ഷ നടക്കുന്ന തീയതികൾ അതതു പ്രദേശത്തെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ , പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ മുൻകൂട്ടി അറിയിക്കുന്നതിന് കോളേജ് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

2. പരീക്ഷാ കേന്ദ്രത്തിന്റെ പ്രധാന പ്രവേശന കവാടത്തിലൂടെ മാത്രമേ വിദ്യാർത്ഥികളുടെയും , അദ്ധ്യാപകരുടെയും പ്രവേശനം അനുവദിക്കുവാൻ പാടുള്ളൂ.

3. പരീക്ഷാകേന്ദ്രത്തിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥികളും മാസ്ക് ധരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4. പ്രവേശന കവാടത്തിൽവച്ചുതന്നെ വിദ്യാർത്ഥികളുടെയും , അദ്ധ്യാപകരുടെയും ശരീരോഷ്മാവ് പരിശോധിക്കേണ്ടതാണ് .

5. പരീക്ഷാ കേന്ദ്രത്തിന്റെ പ്രധാന കവാടത്തിൽ സോപ്പുലായനി, സാനിറ്റൈസർ എന്നിവ ലഭ്യമാക്കേണ്ടതാണ് .

6. പരീക്ഷയ്ക്ക് മുൻപും , ശേഷവും വിദ്യാർത്ഥികൾ കോളേജ് കവാടത്തിലും കോളേജ് കാമ്പസ്സിലും കൂട്ടം കൂടുവാൻ അനുവദിക്കരുത് .

7. വിദ്യാർത്ഥികൾ ഒരുമിച്ചു എത്തുമ്പോൾ ഉണ്ടാകുന്ന തിരക്ക് ഒഴിവാക്കുന്നതിനായി പരീക്ഷയ്ക്ക് ഒരു മണിക്കൂർ മുൻപ് മുതൽ എത്തിച്ചേരുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.

8. പരീക്ഷാ ഹാളിൽ വിദ്യാർത്ഥികൾക്ക് സാമൂഹിക അകലം പാലിച്ചു മാത്രമേ ഇരിപ്പിടങ്ങൾ തയ്യാറാക്കാവൂ . ഒരു ക്ലാസ് മുറിയിൽ പരമാവധി 20 വിദ്യാർത്ഥികളെ മാത്രമേ ഉൾക്കൊള്ളിക്കുവാൻ പാടുള്ളൂ.

9. ഓരോ ബെഞ്ചിലും ഇരിക്കുന്ന വിദ്യാർത്ഥികൾ തമ്മിലും, അടുത്തടുത്തുള്ള ബെഞ്ചുകൾ തമ്മിലും രണ്ട് മീറ്റർ അകലം ഉറപ്പുവരുത്തണം.

10. വിദ്യാർത്ഥികൾക്കാവശ്യമായ കുടിവെള്ളം അവർ തന്നെ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

Draft #1 of File 60847/EA2 SO/2020/EA 2 Approved by Controller of Examinations on 03-Nov-2020 05:27 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

11. പരീക്ഷാ ഹാളിൽ വിദ്യാർത്ഥികൾ പരീക്ഷാ സാമഗ്രികൾ പരസ്പരം കൈമാറ്റം ചെയ്യുവാൻ അനുവദിക്കരുത്.

12. പരീക്ഷാ ഹാളിലെ ഡെസ്ക് , ബെഞ്ച് , മുതലായ ഉപകരണങ്ങൾ എല്ലാ പരീക്ഷ ദിവസങ്ങളിലും അണുനശീകരണം നടത്തേണ്ടതാണ്. ഇതിന് കോളേജുകളിലെ എൻ സി സി , എൻ എസ് എസ് വോളന്റീർമാരുടെ സേവനം ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

13. പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർ മാസ്ക് , ഗ്ലവ്സ് എന്നിവ ധരിക്കുന്നത് ഉറപ്പു വരുത്തേണ്ടതാണ്.

14. കണ്ടൈൻമെൻറ് സോൺ , ഹോട്ട്സ്പോട്ട് എന്നിവിടങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾ / ക്വാറന്റൈനിൽ ഉള്ള വിദ്യാർത്ഥികൾ എന്നിവർക്ക് പരീക്ഷ എഴുതുന്നതിന് പ്രത്യേക സ്ഥല സൗകര്യം ഒരുക്കേണ്ടതാണ് .

15. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അതതു പ്രദേശത്തെ ആരോഗ്യ വകുപ്പും, പോലീസും നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

16. കണ്ടൈൻമെൻറ് സോൺ , കോവിഡ് FLTC തുടങ്ങിയ കോളേജുകളിലെ പരീക്ഷകൾ മറ്റു കോളേജുകളിലോ , സ്കൂളുകളിലോ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

17. പരീക്ഷയ്ക്ക് ഹാജരാകുന്ന വിദ്യർത്ഥികളിൽ ആർക്കെങ്കിലും കോവിഡ് ലക്ഷണങ്ങൾ കാണപ്പെടുകയോ, കോവിഡ് സ്ഥിരീകരിക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ ആയത് അടിയന്തിരമായി പ്രദേശത്തെ ആരോഗ്യ വകുപ്പ് അധികൃതരെയും , പോലീസിനെയും അറിയിക്കുകയും അവർ നൽകുന്ന നിർദ്ദേശങ്ങളും , കേരള സർക്കാർ ഹെൽത്ത് & ഫാമിലി വെൽഫെയർ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 22.09.2020 തീയതിയിലെ നമ്പർ 31/F2/2020/H &FWD സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങളും അനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ് .

**ഡോ. സി എം ശ്രീജിത്ത്**
പരീക്ഷാ കൺട്രോളർ

പകർപ്പ്:

1. അഫീലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ
2. പ്രിൻസിപ്പൽ, UCE,(CPAS),തൊടുപുഴ
3. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
5. സി.ഇ സെക്ഷൻ / എ.സി.സി I
6. എല്ലാ ജെ.ആർ / ഡി ആർ / എ.ആർ (പരീക്ഷ)

7 ഇ എ 1 / ഇ ബി 1 / 3 / 6 / 7 / 8

8 . എല്ലാ ടാബുലേഷൻ സെക്ഷനുകളും

9 .CETEX/ Front Office സെക്ഷനുകൾ

10 . ഐ.ക്യൂ.എ.സി / കൺഡന്റ് മാനേജ്മെൻറ് സെക്ഷൻ

11 . സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

Draft #1 of File 60847/EA2 SO/2020/EA 2 Approved by Controller of Examinations on 03-Nov-2020 05:27 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #1 of File 60847/EA2 SO/2020/EA 2 Approved by Controller of Examinations on 03-Nov-2020 05:27 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം